# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 28 വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -30)

മറുപടി നൽകുന്ന മന്ത്രിമാർ
മുഖ്യമന്ത്രി
ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി
എക്സൈസും തുറമുഖവും വകുപ്പുമന്ത്രി
ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

## എക്സൈസ് വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വെബ്സൈറ്റ്

*601 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ ഭരണസംവിധാനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിയമഭേദഗതികൾ, ഉത്തരവുകൾ, അബ്കാരിനയം എന്നിവ യഥാസമയം വെളിപ്പെടുത്തുന്നതിന് വെബ്സൈറ്റ് തുടങ്ങുന്ന കാര്യം പരിഗണിക്കുമോ;

(സി) എന്ന് ഈ വെബ്സൈറ്റ് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ചികിത്സാ ധനസഹായത്തിനായി പ്രത്യേക ഭാഗ്യക്കുറി

T *602

ശ്രീ. ബെന്നി ബെഹനാന്‍
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബല്‍റാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തു നടത്തുന്ന പ്രത്യേക ഭാഗ്യക്കുറി നറുക്കെടുപ്പുകളില്‍ നിന്ന് ലഭിക്കുന്ന തുകകള്‍ ഏതെല്ലാം രോഗങ്ങള്‍ക്കുള്ള ചികിത്സാ ധനസഹായത്തിന് വിനിയോഗിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി പ്രത്യേക ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഫണ്ട് വിനിയോഗത്തിനു വേണ്ടി എന്തെല്ലാം ഭരണസംവിധാനമാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന് ജില്ലാ - സംസ്ഥാനതലത്തില്‍ മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

നികുതിവെട്ടിപ്പ്

*603 ശ്രീ. ആർ. സെൽവരാജ്
'' കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അതിർത്തികൾ വഴി വ്യാപകമായി കോഴികളും മറ്റ് സാധനങ്ങളും നികുതി വെട്ടിച്ച് സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ;

(സി) നികുതി വെട്ടിക്കുന്നതിന് കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾ</u>

*604 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
'' എം. ഉമ്മർ
,, പി. കെ. ബഷീർ
,, പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളുടെ അവകാശസംരക്ഷണത്തിനും തർക്ക പരിഹാരത്തിനുമുള്ള സംവിധാനങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ജില്ലാ തല ഫോറങ്ങൾക്കുള്ള അധികാരങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പരാതികൾ തീർപ്പാക്കുന്നതിന് കാലതാമസമുണ്ടാകുന്നുവെന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പരിഹാര നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും, നിലവിലെ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിർദ്ദേശങ്ങളെന്തെങ്കിലും പരിഗണനയിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ഗുണ്ടാ -മാഫിയ സംഘങ്ങളെ നിയമപരിധിയിൽ കൊണ്ടുവരുന്നതിന് നടപടി</u>

*605 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
'' പി. കെ. ഗുരുദാസൻ
,, വി. ശിവൻകുട്ടി
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുണ്ടാ-മാഫിയ പ്രവർത്തനങ്ങൾ ഇല്ലാതാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഗുണ്ട-മണൽ-ബ്ലേഡ്, വാടകപിരിവ്, സി.സി. തുടങ്ങിയ മാഫിയകളെ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നിയമവ്യവസ്ഥകൾ നടപ്പാക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(സി) നിയമവ്യവസ്ഥകൾ നടപ്പാക്കുന്നുണ്ടെങ്കിൽ ഇപ്പോൾ സംസ്ഥാനത്താകെ മാഫിയ പ്രവർത്തനങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണ്?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ഒറ്റത്തവണ രജിസ്ട്രേഷൻ പരിപാടി

*606 ശ്രീ. എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗാർത്ഥികൾക്കുവേണ്ടി പി. എസ്. സി. ഒറ്റത്തവണ രജിസ്ട്രേഷൻ പരിപാടി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;

(സി) ഇതുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നത്;

(ഡി) ഇത് സമയബന്ധിതമായി നടപ്പാക്കാൻ ശ്രമിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

പലിശ രഹിത വിദ്യാഭ്യാസ വായ്പ

*607 ശ്രീ. ഇ. കെ. വിജയൻ
'' വി. എസ്. സുനിൽ കുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു ലക്ഷത്തിനു താഴെ വാർഷിക വരുമാനമുള്ള കുടംബങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിദ്യാഭ്യാസ വായ്പയുടെ പലിശ നിരക്ക് എത്രയായി നിശ്ചയിച്ചിട്ടുണ്ടെന്നും അതിൽ സർക്കാർ വിഹിതം എത്രയെന്നും വ്യക്തമാക്കുമോ;

(സി) പലിശരഹിത വിദ്യാഭ്യാസ വായ്പ നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ ആയത് എപ്പോൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

കോടതിവിധികൾക്കെതിരെ റിവ്യൂ/അപ്പീൽ പെറ്റീഷനുകൾ

*608 ശ്രീ. കെ. രാധാകൃഷ്ണൻ
'' പി. ശ്രീരാമകൃഷ്ണൻ
,, സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോടതികളിൽ നിന്ന് സംസ്ഥാനത്തിനെതിരെ ഉണ്ടാകുന്ന വിധികളിൽ സംസ്ഥാനത്തിന്റെ ഉത്തമതാൽപര്യങ്ങൾ സംരക്ഷിക്കാൻ സ്വീകരിക്കുന്ന നിലപാട് എന്താണ്; വിശദമാക്കുമോ;

(ബി) സംസ്ഥാന ഗവൺമെന്റിന്റെ റിവ്യൂ/അപ്പീൽ പെറ്റീഷനുകൾ ഏതെങ്കിലും സുപ്രീംകോടതിയുടെയും ഹൈക്കോടതിയുടെയും പരിഗണനയിൽ നിലനിൽക്കുന്നുണ്ടോ; എങ്കിൽ എത്ര;

(സി) ഈ സർക്കാർ ഏതെല്ലാം കേസുകളിൽ ഏതെല്ലാം കോടതിവിധികൾക്കെതിരെ റിവ്യൂ/ അപ്പീൽ പെറ്റീഷനുകൾ സമർപ്പിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>തീവ്രവാദ സംഘടനകൾ</u>

*609 ശ്രീ. സി. ദിവാകരൻ
,, ഇ. കെ. വിജയൻ
ശ്രീമതി. ഇ. എസ്. ബിജിമോൾ
ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തീവ്രവാദ സംഘടനകൾക്ക് ശക്തമായ വേരോട്ടമുണ്ടെന്ന കേന്ദ്ര ആഭ്യന്തര മന്ത്രാലയം തയ്യാറാക്കിയ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്ത് ഇപ്പോൾ നിരോധിക്കപ്പെട്ടിട്ടുള്ള സംഘടനകൾ എത്ര; ഇതിൽ മതതീവ്രവാദ സംഘടനകൾ ഏതെല്ലാം;

(സി) ഇത്തരം സംഘടനകൾക്ക് സാമ്പത്തിക സഹായം ലഭിക്കുന്ന വഴികളെക്കുറിച്ചും, ഈ സംഘടനകളുടെ ആഭിമുഖ്യത്തിലുള്ള പ്രസിദ്ധീകരണങ്ങളെക്കുറിച്ചും എന്തെങ്കിലും തരത്തിലുള്ള വിവരങ്ങൾ കൈവശമുണ്ടോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>റാഗിംഗിനെതിരെ നിയമ നിർമ്മാണം</u>

*610 ശ്രീ. റ്റി.എ. അഹമ്മദ് കബീർ
'' എം.പി. അബ്ദുസ്സമദ് സമദാനി
,, കെ.എം. ഷാജി
,, കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രൂരമായ റാഗിംഗിനിരയായി സ്വകാര്യ അന്യായം ഫയൽ ചെയ്യാൻ നിർബന്ധിതരാകുന്ന കുട്ടികളും രക്ഷിതാക്കളും തുടർന്ന് നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതികളുടെയും, അവർക്ക് പിൻബലം നൽകുന്നവരുടെയും ഭീഷണിയും, തുടരാക്രമണങ്ങളും മൂലം കേസു നടത്താനോ സ്വൈരമായി ജീവിക്കാനോ ആകാതെ നാടുവിടേണ്ടിവരുന്നവരുടെ ദുരിതം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) റാഗിംഗ്, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഘടനാ വൈരം വച്ച് കുട്ടികൾക്കുനേരെയുണ്ടാകുന്ന ആക്രമണങ്ങൾ എന്നിവയെ ക്രിമിനൽ കുറ്റങ്ങളായി പരിഗണിച്ച്, സ്വമേധയാ കേസെടുത്ത് അന്വേഷിച്ച് കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനാവശ്യമായ വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തുമോ ;

(ഡി) ഇത്തരം അക്രമങ്ങൾക്കെതിരെ പ്രിൻസിപ്പൽമാർ പോലീസിൽ പരാതി നൽകാതിരിക്കുന്ന അവസ്ഥയിൽ സ്വന്തമായി കേസ് നൽകേണ്ടിവരുന്നവർ അതുമൂലമുണ്ടാകുന്ന സാമ്പത്തികച്ചെലവു താങ്ങാനാവാതെയും, കോടതി നടപടിക്രമങ്ങളിലെ ബുദ്ധിമുട്ടുകൾ നേരിടാനാവാതെയും പിൻമാറാൻ നിർബന്ധിതരാവുന്ന സാഹചര്യം ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഇ) 2010-ൽ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്ര റാഗിംഗ്/ആക്രമണം എന്നിവ സംബന്ധിച്ച പരാതികൾ അധികൃതർക്ക് ലഭിച്ചിട്ടുണ്ട്; എത്രയെണ്ണത്തിൽ കേസെടുത്തു അന്വേഷണം നടത്തി കോടതിയിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സ്വയം സംരംഭക മിഷൻ</u>

*611 ശ്രീ. കെ. അജിത്
'' മുല്ലക്കര രത്നാകരൻ
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതർക്ക് തൊഴിൽ നൽകുന്ന സ്വയം സംരംഭക മിഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ മിഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രതിവർഷം എത്ര പേർക്ക് തൊഴിൽ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സ്വയം തൊഴിൽ സംരംഭകർക്ക് ആവശ്യമായ ധനസഹായം എങ്ങനെയാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി ബഡ്ജറ്റിൽ എത്ര തുക വകകൊള്ളിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ബാങ്കുകൾ വഴി ശമ്പളം

*612 ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. വി. വിജയദാസ്
,, കെ. സുരേഷ് കുറുപ്പ്
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ഉദ്യോഗസ്ഥരുടേയും അദ്ധ്യാപകരുടേയും ശമ്പളം ബാങ്കുകൾ വഴി വിതരണം ചെയ്യുവാൻ ഏതെല്ലാം തരം ബാങ്കുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(ബി) ഇത്തരം ഒരു തീരുമാനം സംസ്ഥാന ട്രഷറികളെ എങ്ങനെയെല്ലാം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതുമൂലം സംസ്ഥാനത്തെ ട്രഷറി ഡെപ്പോസിറ്റുകളിൽ ഭീമമായ കുറവ് ഉണ്ടാകുമെന്നും ട്രഷറി സമ്പ്രദായത്തെ തന്നെ തകർക്കുമെന്നുമുള്ള കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ തീരുമാനത്തിലൂടെ സർക്കാർ ജീവനക്കാരേയും അദ്ധ്യാപകരേയും ബാങ്കുകളുടെ നയതീരുമാനങ്ങളുടെ ഇരയാക്കും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരം ഒരു തീരുമാനം ഉണ്ടാകാതിരിക്കാനുള്ള തടസ്സങ്ങൾ എന്തെല്ലാമായിരുന്നു;

(എഫ്) അവയൊക്കെ പൂർണ്ണമായി പരിഹരിച്ചുകൊണ്ടായിരുന്നോ ഈ തീരുമാനം എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ഭക്ഷ്യ - സപ്ലൈകോ വിഭജനം

*613 ശ്രീ. എ. റ്റി. ജോർജ്
,, ഐ. സി. ബാലകൃഷ്ണൻ
,, അൻവർ സാദത്ത്
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവകുപ്പിൽ നിന്ന് സപ്ലൈകോയെ വിഭജിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതു കൊണ്ട് ഉണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാം ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ഉദയഭാനു കമ്മീഷൻ റിപ്പോർട്ട്</u>

*614 ശ്രീ. കെ. ദാസൻ
'' എം. ചന്ദ്രൻ
,, ബി.ഡി. ദേവസ്സി
ശ്രീമതി. കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിലെ ഇനിയും നടപ്പിലാക്കാത്തതും സർക്കാർ അംഗീകരിക്കുന്നതുമായ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ബി) ഇവ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ചില്ലറ വ്യാപാരരംഗത്ത് പ്രവർത്തിക്കുന്നവരുടെ പ്രശ്നങ്ങൾ</u>

*615 ശ്രീ. ആർ. രാജേഷ്
'' ഇ. പി. ജയരാജൻ
പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചില്ലറ വ്യാപാരരംഗത്ത് പ്രവർത്തിക്കുന്നവരുടെ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചില്ലറ വ്യാപാരരംഗം വഴി ഉപജീവനം നടത്തുന്നവരെത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ചില്ലറ വ്യാപാരരംഗത്ത് വിദേശ കുത്തകകൾ കടന്നു വരുന്നത് തടയണമെന്ന ആവശ്യത്തോട് സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ: നിയമനിർമ്മാണം വഴി ഇതു തടയാനുള്ള സാദ്ധ്യതകൾ പരിശോധിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സാര്‍വ്വത്രിക പൊതുവിതരണ സമ്പ്രദായം</u>

*616 ശ്രീ. എ.എം. ആരിഫ്
'' എം.എ. ബേബി
,, ആര്‍. സെല്‍വരാജ്
,, കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഭക്ഷ്യവും സിവില്‍ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാര്‍വ്വത്രിക പൊതുവിതരണ സമ്പ്രദായം ഏര്‍പ്പെടുത്തികൊണ്ട് ഭക്ഷ്യസുരക്ഷ ഉറപ്പാക്കാന്‍ നടപടി സ്വീകരിക്കുമോ ;

(ബി) കേന്ദ്ര ഗവണ്‍മെന്റ് രൂപം നല്‍കിയിട്ടുള്ള ഭക്ഷ്യസുരക്ഷാ ബില്ലിലെ നിര്‍ദ്ദേശങ്ങള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ; എങ്കില്‍ നിര്‍ദ്ദേശങ്ങളിന്മേല്‍ സംസ്ഥാന ഗവണ്‍മെന്റിന്റെ അഭിപ്രായം കേന്ദ്ര ഗവണ്‍മെന്റിനെ അറിയിച്ചിട്ടുണ്ടോ ;

(സി) പട്ടിണി, പോഷകാഹാരക്കുറവ് ഭക്ഷ്യ അരക്ഷിതാവസ്ഥ ഇവ പരിഹരിക്കാന്‍ ഇപ്പോഴത്തെ കേന്ദ്ര നിര്‍ദ്ദേശം പര്യാപ്തമല്ലെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കില്‍ അതിന് പര്യാപ്തമായ നിലപാട് സ്വീകരിക്കാന്‍ കേന്ദ്ര സര്‍ക്കാരില്‍ സമ്മര്‍ദ്ദം ചെലുത്തുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>രാജ്യസുരക്ഷയ്ക്ക് ഭീഷണിയായിട്ടുള്ള സംഘടനകളുടെ നിരോധനം</u>

*617 ശ്രീ. ബി.ഡി. ദേവസ്സി
'' എം.എ. ബേബി
,, കെ.കെ. ജയചന്ദ്രൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രാജ്യസുരക്ഷയ്ക്ക് ഭീഷണിയായിട്ടുള്ള ഏതെല്ലാം സംഘടനകൾ സംസ്ഥാനത്ത് പ്രവർത്തനം നടത്തുന്നതായാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത് ;

(ബി) ഇത്തരം സംഘടനകളുടെ പ്രവർത്തനം നിരോധിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇവയുടെ പ്രവർത്തനം ഏതെല്ലാം രംഗത്താണ് പൊതുവായി പ്രകടമായിട്ടുള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ</u>
<u>തീർപ്പാക്കാൻ നടപടി</u>

*618 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
'' ജി. സുധാകരൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കോടതികളിലായി പതിനായിരക്കണക്കിന് കേസുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നീതിനിർവ്വഹണം വേഗത്തിലാക്കാൻ ഉതകുന്ന എന്ത് നടപടിയാണ് സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തെ വിവിധ കോടതികളിൽ തീർപ്പാകാതെ കിടക്കുന്ന കേസുകളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>മദ്യവർജ്ജന കാമ്പയിൽ</u>

*619 ശ്രീ. പാലോട് രവി
'' ജോസഫ് വാഴക്കൻ
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മദ്യവർജ്ജന കാമ്പയിൻ ഊർജ്ജിതമാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(ബി) ഇതിനായി എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുമോ;

(സി) ഇതിന് എക്സൈസ് വകുപ്പിന്റെ ഭരണ സംവിധാനം എങ്ങനെയാണ് ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>അന്വേഷണ കമ്മീഷനുകളുടെ പ്രവര്‍ത്തനം</u>

*620 ശ്രീ. പി. റ്റി. എ. റഹീം
'' കോടിയേരി ബാലകൃഷ്ണന്‍
'' കെ. കുഞ്ഞിരാമന്‍ (ഉദുമ)
'' റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ നിയോഗിച്ച ഏതെല്ലാം അന്വേഷണ കമ്മീഷനുകളാണിപ്പോഴും പ്രവര്‍ത്തിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ ; ഏതെങ്കിലും അന്വേഷണ കമ്മീഷനെ പിന്‍വലിക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ ; എങ്കില്‍ ഏത് കമ്മീഷനെയാണെന്നും, സാഹചര്യം എന്തായിരുന്നുവെന്നും വെളിപ്പെടുത്തുമോ ;

(ബി) പിന്‍വലിക്കാന്‍ തീരുമാനിച്ച കമ്മീഷന്റെ ടേംസ് ഓഫ് റഫറന്‍സ് എന്തായിരുന്നു ;

(സി) ഏത് സംഭവത്തെ തുടര്‍ന്നായിരുന്നു കമ്മീഷന്‍ നിയോഗിക്കപ്പെട്ടിരുന്നത് ;

(ഡി) കമ്മീഷനെ പിന്‍വലിച്ചുകിട്ടുന്നതിന് സര്‍ക്കാരിന് ലഭിച്ച ശുപാര്‍ശകള്‍ എന്തെല്ലാമായിരുന്നു ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>നന്ദൻ തിലേകനി റിപ്പോർട്ട്</u>

*621 ശ്രീ. സി. മമ്മൂട്ടി
'' റ്റി.എ. അഹമ്മദ് കബീർ
,, എൻ. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് മണ്ണെണ്ണ സബ്സിഡി നേരിട്ട് പണമായി നല്കണമെന്നുള്ള നന്ദൻ തിലേകനി റിപ്പോർട്ടും അതിന്മേലുള്ള കേന്ദ്ര ഉന്നതതല മന്ത്രിസഭാ സമിതിയുടെ നിലപാടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്ന് അറിയിപ്പെന്തെങ്കിലും ലഭിച്ചിട്ടുണ്ടോയെന്നും അതിന്റെ അടിസ്ഥാനത്തിൽ അഭിപ്രായരൂപീകരണം നടത്തിയിട്ടുണ്ടോ എന്നും വിശദമാക്കുമോ ;

(സി) സബ്സിഡി, ഗുണഭോക്താക്കൾക്ക് നേരിട്ടു നല്കണമെന്ന നിർദ്ദേശത്തിനെതിരെ റേഷൻ വ്യാപാരികൾ പ്രതികരിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനുമുമ്പ് പ്രസ്തുത വ്യാപാരികളുടെ അഭിപ്രായം കൂടി തേടുമോ ;

(ഡി) സബ്സിഡി പണമായി നല്കുന്നത് ബാങ്ക് അക്കൗണ്ട് മുഖേനയായിരിക്കണമെന്ന നിർദ്ദേശം ഗ്രാമീണ മേഖലയിലെ ഗുണഭോക്താക്കൾക്ക് പ്രയാസമുണ്ടാക്കുമെന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>റവന്യൂ കമ്മി</u>

*622 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. വി. ചെന്താമരാക്ഷൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനു വേണ്ടി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; ഈ വർഷം അവസാനത്തോടെ റവന്യൂ കമ്മി പൂർണ്ണായി ഇല്ലാതാകുമോ;

(ബി) നികുതി ഇനത്തിലും നികുതി ഇതര ഇനത്തിലും അധിക വിഭവ സമാഹരണം നടത്താനുദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഈ സാമ്പത്തിക വർഷത്തെ ലക്ഷ്യവും ഇതിനകമുള്ള നേട്ടവും വിശദമാക്കാമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ഒരു വര്‍ഷത്തേയ്ക്കുള്ള കര്‍മ്മ പദ്ധതി</u>

*623 ശ്രീ. വി. ശിവന്‍കുട്ടി
'' ജി. സുധാകരന്‍
,, എളമരം കരീം
,, എസ്. ശര്‍മ്മ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഒരു വര്‍ഷത്തേക്കുള്ള കര്‍മ്മപദ്ധതി സര്‍ക്കാര്‍ തയ്യാറാക്കിയിട്ടുണ്ടോ; ഒരു വര്‍ഷത്തേക്കുള്ള ബജറ്റ് നിര്‍ദ്ദേശങ്ങളും കര്‍മ്മപദ്ധതിയിലെ നിര്‍ദ്ദേശങ്ങളും തമ്മിലുള്ള വ്യത്യാസം വിശദമാക്കാമോ;

(ബി) നിയമസഭ പാസ്സാക്കിയ 2011 - 12 സാമ്പത്തിക വര്‍ഷത്തേക്കുള്ള ബഡ്ജറ്റിലെ പദ്ധതികള്‍ക്കും പരിപാടികള്‍ക്കും പുറമേ, കര്‍മ്മപദ്ധതിയില്‍ എന്തെങ്കിലും നിര്‍ദ്ദേശങ്ങള്‍ ഉണ്ടോ; എങ്കില്‍ വിശദമാക്കാമോ;

(സി) ബഡ്ജറ്റിലെ പദ്ധതികള്‍ക്കും പരിപാടികള്‍ക്കും പുറമേയുള്ള കര്‍മ്മ പദ്ധതിക്ക് ഖജനാവില്‍ നിന്നും പണച്ചെലവുണ്ടാകുമോ; എങ്കില്‍ അത് കണ്ടെത്തുന്നത് ഏതെല്ലാം വഴികളിലൂടെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ബഡ്ജറ്റ് നിര്‍ദ്ദേശങ്ങളെ കര്‍മ്മ പദ്ധതിയായി വ്യാഖ്യാനിക്കുന്നത് എന്തുകൊണ്ടാണ്.?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

ഹൗസ് ബിൽഡിംഗ് അഡ്വാൻസ്

*624 ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
,, പി.സി. ജോർജ്
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നൽകുന്നതിനായി നടപ്പു സാമ്പത്തിക വർഷത്തെ യോഗ്യത പട്ടിക പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പട്ടികയിൽ എത്രപേർ ഉൾപ്പെട്ടിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പട്ടികയിൽ നിന്ന് എത്രപേർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നൽകിയെന്നും എത്രപേർ അവശേഷിക്കുന്നുവെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത പട്ടികയിൽ അവശേഷിക്കുന്നവരിൽ എത്ര പേർക്ക് നടപ്പുസാമ്പത്തിക വർഷം 'ഹൗസ് ബിൽഡിംഗ് അഡ്വാൻസ്' അനുവദിക്കുമെന്ന് അറിയിക്കുമോ ;

(ഡി) 2011-2012 സാമ്പത്തിക വർഷം 'എച്ച്.ബി.എ' ലഭിക്കാത്തവർക്ക് പ്രസ്തുത പട്ടികയിൽ നിന്ന് മുൻഗണനാക്രമത്തിൽ അടുത്ത സാമ്പത്തിക വർഷം അഡ്വാൻസ് നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>കള്ള് സഹകരണ സംഘങ്ങളുടെ പ്രവര്‍ത്തനം</u>

*625 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എ. കെ.ബാലന്‍
'' കെ. ദാസന്‍
,, കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എത്ര കള്ള് സഹകരണ സംഘങ്ങള്‍ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംഘങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഘങ്ങള്‍ക്ക് കള്ളുഷാപ്പുകള്‍ നടത്തുന്നതിന് അധികാരമുണ്ടോയെന്നും ഇപ്പോഴത്തെ മദ്യനയം സംഘങ്ങളെ എപ്രകാരമാണ് ബാധിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>സിവിൽ സപ്ലൈസ് കോർപ്പറേഷന് മാർക്കറ്റ്
ഇന്റർവെൻഷൻ ഗ്രാന്റ്</u>

*626 ശ്രീ. മഞ്ഞളാംകുഴി അലി
,, എൻ.എ. നെല്ലിക്കുന്ന്
,, പി.ബി. അബ്ദുൾ റസാക്
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന് മാർക്കറ്റ് ഇന്റർവെൻഷൻ ഗ്രാന്റ് നൽകുന്നതിന്റെ മാനദണ്ഡം വിശദമാക്കുമോ;

(ബി) കോർപ്പറേഷൻ വഴി വിപണനം നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെയും നിത്യോപയോഗ സാധനങ്ങളുടെയും വില്പനവില നിശ്ചയിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(സി) അവശ്യസാധനങ്ങൾക്കു പുറമെ വില്പന നടത്തുന്ന ഉപഭോക്തൃ താല്പര്യഉല്പന്നങ്ങൾ ഏതൊക്കെയാണെന്നും, അതിന്റെ സംഭരണ രീതിയെന്താണെന്നും വ്യക്തമാക്കുമോ;

(ഡി) ഒരു രൂപയ്ക്ക് ഒരു കിലോ അരി നൽകുന്ന പദ്ധതിയുടെ വെളിച്ചത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വില കുറച്ച് അരി നൽകുന്ന പദ്ധതി പുന:ക്രമീകരിച്ച് കോർപ്പറേഷന്റെ ആ ഇനത്തിലെ നഷ്ടം കുറയ്ക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

<u>ആഴക്കടൽ തുറമുഖ നിർമ്മാണം</u>

*627 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
,, ചിറ്റയം ഗോപകുമാർ
,, പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**എക്സൈസും തുറമുഖവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെങ്കിലും ആഴക്കടൽ തുറമുഖ നിർമ്മാണം നടക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ആഴക്കടൽ തുറമുഖ നിർമ്മാണ പദ്ധതി ഇപ്പോൾ ഏതെങ്കിലും തരത്തിലുള്ള പ്രതിസന്ധി നേരിടുന്നുണ്ടോ;

(സി) ഈ പ്രതിസന്ധി നേരിടുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം തേടിയിട്ടുണ്ടോ; കേന്ദ്ര ഗവൺമെന്റിൽ നിന്നും ഏതു തരത്തിലുള്ള സഹായമാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>ഭവന നിർമ്മാണ ചെലവുകൾ</u>

*628 ശ്രീ.ജോസഫ് വാഴക്കൻ
,, പി. സി. വിഷ്ണുനാഥ്
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ചെലവുകൾ ലാഭിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഇതിനായി 'ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ' സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ ;

(സി) എവിടെയാണ് പ്രസ്തുത സ്കൂൾ സ്ഥാപിക്കുന്നത്, വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) സ്കൂളിന്റെ പ്രവർത്തന രീതി വിശദമാക്കാമോ ?

# കേരള നിയമസഭ
## 28.10.2011-ലെ മറുപടിക്ക്

<u>അനർഹമായ അപേക്ഷകൾ</u>

*629 ശ്രീ. ബി. സത്യൻ
'' പി. ശ്രീരാമകൃഷ്ണൻ
,, കെ. സുരേഷ് കുറുപ്പ്
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആധുനികവൽക്കരണത്തിനു ശേഷവും പി.എസ്.സി. യിൽ അന്തിമമായി തീർപ്പാക്കാതെ ലക്ഷക്കണക്കിന് അപേക്ഷകൾ കെട്ടിക്കിടപ്പുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യോഗ്യതകൾ ആദ്യഘട്ടത്തിൽ പരിശോധിക്കുന്ന സാഹചര്യം ഇപ്പോൾ ഇല്ലാത്തതിനാൽ ആർക്കും അപേക്ഷിക്കാം എന്ന സ്ഥിതിയുള്ളതും അതുവഴി അനർഹരും അപേക്ഷിച്ചുവരുന്നതും ആയതിനാൽ അപേക്ഷകൾ പെരുകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) യോഗ്യതയില്ലാത്തവർ അപേക്ഷിച്ചാൽ, പ്രാഥമിക ഘട്ടത്തിൽ തന്നെ അവ കണ്ടെത്താനും തിരസ്ക്കരിക്കാനും അനുയോജ്യമായ നടപടി പി.എസ്.സി. സ്വീകരിക്കുമോ?

# കേരള നിയമസഭ
# 28.10.2011-ലെ മറുപടിക്ക്

എം.പി. മാരുടെ യോഗങ്ങൾ

*630 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിൽ നിന്നുള്ള എം.പി മാരുടെ എത്ര യോഗങ്ങൾ വിളിച്ച് കൂട്ടി എന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങളാണ് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപെടുത്താനായി എം.പി മാരോട് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി. രാജൻ,
തിരുവനന്തപുരം സെക്രട്ടറി
2011 ഒക്ടോബർ 19.

'T' ഇന്നത്തേക്ക് മാറ്റിയ ചോദ്യത്തെ സൂചിപ്പിക്കുന്നു.